പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4848

27/06/2014-ൽ മറുപടിക്ക്

## കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കുടുംബശ്രീ വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻആർഎൽഎം), രാജീവ് ആവാസ് യോജന (ആർഎവൈ), സുവർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്ജെഎസ്ആർവൈ) / ദേശീയ നഗര ഉപജീവന പദ്ധതി (എൻയുഎൽഎം), മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി), ഇന്റഗ്രേറ്റഡ് ഹൗസിംഗ് & സ്ലം ഡവലപ്മെന്റ് പ്രോഗ്രാം (ഐഎച്ച്എസ്ഡിപി), ബേസിക് സർവ്വീസ് ഫോർ ദി പുവർ (ബിഎസ്യുപി) എന്നീ പദ്ധതികളാണ് കുടുംബശ്രീ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ. |
| (ബി) പ്രസ്തുത പദ്ധതികളിൽ എസ്.ജി.എസ്.വൈ. പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഉണ്ട്. ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന എസ്ജിഎസ്വൈ പദ്ധതിയുടെ പരിഷ്ക്കരിച്ച രൂപമാണ് ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻആർഎൽഎം). |
| (സി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് നടപ്പിലാക്കിയിരുന്നത്? | (സി) വരുമാന വർദ്ധകമായ തൊഴിൽ സംരംഭങ്ങളിലൂടെ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ ജനവിഭാഗത്തിന്റെ വരുമാനം വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. തൊഴിൽ പരിശീലനം, സാങ്കേതിക ജ്ഞാനം, അടിസ്ഥാനസൗകര്യം, വിപണന സൗകര്യം, വായ്പ സബ്സിഡി എന്നീ സേവനങ്ങൾ ലഭ്യമാക്കിയിരുന്നു. ഗുണഭോക്താക്കളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലേയ്ക്ക് ഉയർത്തുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ